*(ഇടയലേഖനം തുടർച്ച)*

നിർണയിക്കാനാവില്ല. സാത്വീകരായി കാണപ്പെട്ടിട്ടുള്ളവർ പോലും ദുർജന സംസർഗത്താൽ അധർമ്മത്തിലേക്കു നിപതിച്ചുപോയിട്ടുണ്ട്.
ഇക്കൂട്ടത്തിൽ വിസ്മരിച്ചുകൂടാത്ത ഒരു സത്യം ന്യൂനപക്ഷ ഭൂരിപക്ഷ അന്തരങ്ങളാണ്.
സത്യത്തിനും നീതിക്കും കൂട്ടുനില്ക്കുന്നവർക്കു ഭൗതീക മേന്മ അധികം പ്രതീക്ഷിക്കാനാവില്ല. കാരണം അധർമ്മത്തിന്റെയും അസത്യത്തിന്റെയും കൂടെ ഭൂരിപക്ഷമുണ്ടാകും. ജനാധിപത്യ വ്യവസ്ഥിതിയിൽ ഭൂരിപക്ഷമാണ് കാര്യം. ഭൂരിപക്ഷം വിചാരിച്ചാൽ, അധർമ്മത്തെ സ്വീകാര്യമായ സൗകര്യമായി അവതരിപ്പിക്കാനാവും. ധർമ്മം എപ്പോഴും എവിടെയും ന്യൂനപക്ഷമായിരിക്കും. നിത്യജീവനിലേക്കുള്ള വഴി ഇടുക്കവും, ഞെരുക്കവുമുള്ളതാണെന്നും, അതിലെ പ്രയാണം നടത്തുന്നവർ ചുരുക്കമാണെന്നും യേശുക്രിസ്തു തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഭൂരിപക്ഷത്തോടൊപ്പം നിലകൊള്ളുന്നത് ലാഭകരമായിരിക്കും. അതേസമയം ന്യൂനപക്ഷം ഒറ്റപ്പെടുകയും, പീഡയേൽക്കേണ്ടി വരികയും ചെയ്തേക്കാം. ഈ ദൃശ്യം മനഃസാക്ഷിയുള്ളവരെ ചിന്താക്കുഴപ്പത്തിലാക്കുന്നതാണ്.ഈ ചിന്തയുടെ ഭൗമീകമായ ഒരു പ്രതിഫലനം സങ്കീർത്തനത്തിൽ കാണാം.
"എന്നാൽ ഞാൻ എന്റെ ഹൃദയത്തെ ശുദ്ധികരിച്ചതും, എന്റെ കൈകളെ കുറ്റമില്ലായ്മയിൽ കഴുകിയതും വ്യർത്ഥമത്രെ. ഞാൻ ഇടവിടാതെ ബാധിതനായിരുന്നു, ഉഷസ്സുതോറും ദണ്ഡിക്കപ്പെട്ടുമിരുന്നു"(സങ്കീ.73 :13-14 )
എന്നാൽ അതിനു പ്രതിവിധിയുണ്ട്.
"എത്ര ക്ഷണത്തിൽ അവർ ശൂന്യമായിപ്പോയി, അവർ മെരുൾച്ചകളാൽ അശേഷം മുടിഞ്ഞു പോയിരിക്കുന്നു. നിന്റെ ആലോചനയാൽ നീ എന്നെ നടത്തും, പിന്നത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും "(സങ്കീ.73 :19,24 ).
ധർമ്മിഷ്ടരും ദൈവഭയമുള്ളവരും, മനുഷ്യസ്നേഹമുള്ളവരും നമുക്ക് സ്നേഹിതരായിരിക്കട്ടെ ! ■

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Feb. 11 - 07.00 am, Feb. 18 - 10.00 am |
| | Feb. 25 - 07.00 am, Mar. 04 - 10.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Feb. 18 - 07.30 am, Mar. 04 - 07.30 am |

എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am

## വിശേഷ ദിവസങ്ങൾ

ഫെബ്രുവരി

| | |
|---|---|
| 11 ഞായർ | കൊത്തിനോ ഞായറാഴ്ച (പേതൂർത്തോ ഞായർ) |
| 12 തിങ്കൾ | വലിയ നോമ്പ് (50 നോമ്പ്) ആരംഭം ശുബ്ക്കോനോ ശുശ്രൂഷ 11 മണിക്ക് |
| 18 ഞായർ | ഗർബോ ഞായർ (കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ഞായർ) |
| 23 വെള്ളി | പ.വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ 84-ാം ഓർമ്മ (കോട്ടയം പഴയ സെമിനാരി) |
| 25 ഞായർ | മ്ശ്റയോ ഞായർ (തളർവാത രോഗിയെ സൗഖ്യമാക്കിയ ഞായർ) |

മാർച്ച്

| | |
|---|---|
| 4 ഞായർ | ക്നാനൈത്തോ ഞായർ (ക്നാനായക്കാരി) |

## മാമോദീസ

തേവര അസ്സറ്റ് ഹോംസ് മുത്തൂറ്റ് ശ്രീ ജോർജ് എം ജോർജിന്റേയും , ശ്രീമതി ടെസ്സ ജോർജിന്റേയും മകൻ **ഡേവിഡ് എം.ജോർജ്** 05-01-2018 ൽ മാമോദീസാ സ്വീകരിച്ചു .
ഇടച്ചിറ വടക്കേത്തലക്കൽ ഡി ഡി ഗ്രീൻവുഡ്സ് ശ്രീ നൈനാൻ ഫീലിപ്പോസിന്റെയും , ശ്രീമതി ദിവ്യ മറിയം നൈനാന്റെയും മകൾ **എലിസബത്ത് (Zoey Elizabeth Ninan )** 09-01-2018 ൽ മാമോദീസാ സ്വീകരിച്ചു .
എറണാകുളം നോർത്ത് വാളക്കുഴിയിൽ ശ്രീ മിഥുൻ ഉമ്മന്റേയും ശ്രീമതി ഷെറിൻ പോളിന്റെയും മകൻ **ജേക്കബ് (Koshy Mathen Oommen)** 13-01-2018 ൽ മാമോദീസാ സ്വീകരിച്ചു .
കലൂർ സ്കൈലൈൻ എലീസിയം ഗാർഡൻ കുറ്റിപ്പറമ്പിൽ ശ്രീ ടിജു വർഗീസ് ചാക്കോയുടെയും ശ്രീമതി അമി ജോയിയുടേയും മകൾ **എലിസബത്ത് (Mariya Elizabeth Varghese)** 26-01-2018 ൽ മാമോദീസാ സ്വീകരിച്ചു .
കടവന്ത്ര വിവേകനഗർ പേൾവിസ്ത, തച്ചേടത്ത് ശ്രീ.സോണി മാത്യൂസിന്റെയും ശ്രീമതി ജിഷ സോണിടേയും മകൾ **സാറാ (Miriam Sarah Sony)** 28-01-2018 ൽ മാമോദീസാ സ്വീകരിച്ചു .

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

## ആർദ്രത റിലീഫ് സെന്റർ



റിപ്പബ്ലിക്ക് ഡേ യോടനുബന്ധിച്ചു ,ജനറൽഹോസ്പിറ്റൽ കാൻസർ രോഗികൾക്ക് മരുന്നു വിതരണം ചെയ്യുവാൻ സാധിച്ചു .വിതരണശേഷം റിലീഫ് സെന്റർ പ്രവർത്തകർ ആശുപത്രി അധികൃതരോടൊപ്പം .

## മൂന്നു നോമ്പാചരണം

മലങ്കര ഓർത്തഡോക്സ് സഭയുടെ സഞ്ചാര സുവിശേഷ വിഭാഗമായ സ്നേഹസന്ദേശം നേതൃത്ത്വം നൽകിയ നോമ്പാചരണം ജനുവരി 21 മുതൽ 25 വരെ കത്തീഡ്രലിൽ നടന്നു.ഞായറഴ്ച Rev. Fr. ഡോ. റെജി ഗീവർഗീസ്, തിങ്കളഴ്ച Rev. Fr. മത്തായി സഖറിയ , ചൊവാഴ്ച Rev. Fr. Dr. O. തോമസ് എന്നിവരുടെ വചന ശുശ്രുഷയും, ബുധനാഴ്ച Rev. Fr. ജോയ്സ് വി. ജോയി നയിച്ച ധ്യാനവും ഉണ്ടായിരുന്നു. എല്ലാ ദിവസവും ഗാന ശുശ്രുഷയും, ബുധനൊഴിച്ചുള്ള ദിവസങ്ങളിൽ മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തിയിരുന്നു. നോമ്പാചരണം ഇടവകാംഗങ്ങൾക്ക് വളരെ അനുഗ്രഹപ്രദമായിരുന്നു.





## ആദരാഞ്ജലികൾ



### അന്നമ്മ കോശി
കള്ളോട്ട്

കാക്കനാട് പടമുകൾ കള്ളോട്ട് അന്നമ്മ കോശി (90) 06-01-2018 ൽ നിര്യാതയായി. എറണാകുളം സെന്റ്. മേരീസ് കത്തീഡ്രലിന്റെ എളംകുളം സെമിത്തേരിയിൽ അഭി. യൂഹാനോൻ മാർ പോളി കാർപ്പോസ് മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ അന്നേദിവസം അടക്കം ചെയ്തു.



കലൂർ പേരണ്ടൂർ റോഡ് കളീക്കൽ ഡോ. കെ. എം. ഉമ്മൻ 24-01-2018 ൽ നിര്യാതനായി. 25-01-2018 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു .



കാക്കനാട് പടമുകൾ കള്ളോട്ട് അന്നമ്മ കോശി (90) 06-01-2018 ൽ നിര്യാതയായി, എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## മർത്തമറിയം വനിത സമാജം

മർത്തമറിയം സമാജാഗംങ്ങൾക്കായി നടത്തപ്പെട്ട തെക്കൻമേഖലാ മത്സരങ്ങളിൽ നമ്മുടെ സമാജാഗംങ്ങൾ മൂന്നാംസ്ഥാനം കരസ്ഥമാക്കി.

**സമ്മാനാർഹരായവർ**

**പ്രസംഗം – വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചു:**
Molly Koshy - super senior -1st
Jasmine Aby Mathew - senior-1st

**പ്രസംഗം :**
Molly Koshy - super senior -1st

**Single Song:**
Esly Job -- super senior -1st

**വാക്യം വേഗത്തിൽ എടുക്കുക:**
Susan John - super senior -2nd
Joyce Johnson - senior -3rd

*(പരിശുദ്ധദൈവമാതാവിന്റെ പെരുന്നാളും, ഇടവക ദിനാഘോഷവും 3-ാം പേജ് തുടർച്ച)*

സമാജം, സൺഡേ സ്കൂൾ, യുവജനപ്രസ്ഥാനം, പ്രാർത്ഥനായോഗം എന്നീ വിവിധ ആത്മീയ സംഘടനകളുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയുണ്ടായി. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കുകയുണ്ടായി. പ്രച്ഛന്നവേഷ മത്സരം, പാട്ട്, സ്കിറ്റ്, എന്നീ വിവിധ കലാപരിപാടികൾ ആഘോഷത്തിനു മാറ്റുകൂട്ടി. പ്രസ്തുത മീറ്റിംഗിൽ വികാരി ജിജു വർഗീസ്സ് അച്ചൻ സ്വാഗതവും, സഹവികാരി പോൾ ജോർജ് അച്ചൻ നന്ദിയും പ്രകാശിപ്പിച്ചു. സഹ വികാരിയായ ബിജു എബി മാത്യൂസ് അച്ചൻ, സൈമൺ അച്ചൻ എന്നിവർ സന്നിഹിതരായിരുന്നു. ഇടവക അംഗവും, സീനിയർ വൈദീകനുമായ ഒ.വി. ഏലീയാസ് അച്ചന്റെ സാന്നിദ്ധ്യവും അനുഗ്രഹ പ്രദമായിരുന്നു. ■

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area)**
**04-02-2018 - 4 pm**
**ശ്രീ. ഡോ. ബെന്നി മാത്യു സി ഐ**
ചീരൻ ഹൗസ്, സ്പൈസസ് സട്രീററ്
ലിസി ഹോസ്പിററലിനു സമീപം,
Ph: 2401829, Mob: 9961246733

**St. Marys Unit (Central Area)**
**11-02-2018 - 4 pm**
**ശ്രീ. ഡോ. തോമസ് പി സി**
പടിഞ്ഞാറെ തലക്കൽ,
പെരുമാന്നൂർ, തേവര.
Ph: 2665712, Mob: 9847081871




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 02 FEBRUARY 2018

## എഡിറ്റോറിയൽ

### ശത്രുക്കളെ ഭയക്കേണമോ?

എന്റെ ശത്രുക്കൾ കാൺകെ നീ എനിക്ക് വിരുന്നൊരുക്കുന്നു എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു. (സങ്കീ 23.5)

ദൈവഭയത്തിലും നല്ലമനസ്സാക്ഷിക്കനുസരണമായും ജീവിക്കുന്ന വിശ്വാസികൾക്ക് ശത്രുക്കൾ ഉണ്ടായിക്കൂടെന്നില്ല. ബൈബിൾ വായിക്കുമ്പോൾ പലപ്പോഴും നാം കാണുന്ന ഒരുകാര്യം, നല്ലവരായ, ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന പലരുടെയും ചുറ്റും സാത്താന്റെ കൂട്ടങ്ങൾ സ്ഥിരമായി ഉണ്ടായിരുന്നെന്നാണ്. അവരുടെ പ്രധാന ദൗത്യം നല്ലവരായ ദൈവമക്കളെ തിന്മയിലേക്കു നയിച്ച് പാപത്തിൽ വീഴിക്കുകയെന്നതാണ്.

യേശുക്രിസ്തുവിനെ പോലും പരീക്ഷിക്കുകയും, ചോദ്യം ചെയ്യുകയും ചെയ്ത സാത്താന്മാരുടെ കൂട്ടം ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. ഇവരുടെ കൂട്ടം ഇടവക പള്ളികളിലും, ഭദ്രാസനതലത്തിലും സഭാതലത്തിലുമെല്ലാം എപ്പോഴും പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. ദൈവശബ്ദം ശ്രവിച്ച്, നല്ലകാര്യങ്ങൾ മാത്രം ചെയ്തു ജീവിക്കുന്ന വിശ്വാസികൾക്ക് ഇങ്ങിനെയുള്ള സാത്താന്മാരുണ്ടാക്കുന്ന ശത്രുക്കളെ പേടിക്കേണ്ട ആവശ്യമില്ല. ദൈവം ശത്രുക്കളെ ഇല്ലായ്മ ചെയ്യുകയല്ല ചെയ്യുന്നത്. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ, അവർ കാൺകെ ദൈവം തന്റെ മക്കൾക്ക് മേശയൊരുക്കുകയും, അവരുടെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയും ചെയ്തുകൊണ്ടാണിരിക്കുന്നത്. ശത്രുവിനെയും, അവനിൽ പ്രവർത്തിക്കുന്ന സാത്താനെയും നിഗ്രഹിക്കുകയല്ല; എന്നാൽ അവന്റെ മുൻപിൽ തന്റെ മക്കളെ മഹത്വീകരിക്കയാണ് ചെയ്യുന്നത്.

ചിലർക്ക് ശത്രുക്കളുണ്ടാവുമ്പോഴാണ് കൂടുതൽ നല്ലകാര്യങ്ങൾ പ്രവർത്തിക്കുവാൻ പ്രചോദനമുണ്ടാകുന്നത്. സാത്താൻ പ്രവർത്തിപ്പിക്കുന്ന ശത്രുക്കളെ നിഗ്രഹിക്കാനല്ല അവനെ ജയിക്കാനാണ് അങ്ങിനെയുള്ളവർ ശ്രമിക്കുന്നത്. ദൈവത്തിൽനിന്ന് അവർ പ്രതീക്ഷിക്കുന്നത് പാപികളായ ശത്രുക്കളിൽ നിന്നുള്ള മോചനവും, അവരെ നേരിടാനുള്ള ധൈര്യവുമാണ്. സാത്താന്റെ പരീക്ഷണങ്ങൾ ശത്രുക്കളിൽക്കൂടി ഉണ്ടായിക്കൊണ്ടേയിരിക്കും. അതിനുള്ള പരിഹാരം കർത്താവ് പഠിപ്പിച്ച "തിന്മപെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ" എന്നുള്ള പ്രാർത്ഥന മാത്രമായിരിക്കണം.

ശിക്ഷ വിധിക്കുന്നത് ദൈവത്തിന്റെ അധികാരത്തിൽ പെട്ടതാണ്. ഏതുമല്ലാത്ത മനുഷ്യർ അതിനു മുതിരാതിരിക്കുക. ക്രിസ്തീയ ജീവിതം സാത്താന്മാരുടെ സൃഷ്ടിയായ ശത്രുക്കളില്ലാത്ത ജീവിതമല്ല. ആവിധ ശത്രുക്കളെ ജയിക്കുവാനുള്ള ധൈര്യം തരുന്ന ദൈവത്തോടുകുടിയുള്ള ജീവിതമാണ്. വിശ്വാസികൾ പ്രാർത്ഥനയിലൂടെ നേടേണ്ടത്, ശത്രുക്കളെ ഭയക്കാതെ ജീവിക്കുവാനുള്ള ധൈര്യവും, ചെയ്തുകൊണ്ടിരിക്കുന്ന നന്മപ്രവർത്തികൾ മുടങ്ങാതിരിക്കുവാനുള്ള കഴിവുമാണ്.■

## ഇടയ ലേഖനം

### കൂട്ടുകെട്ട് സൂക്ഷിക്കുക

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

"ജ്ഞാനികളോടുകൂടെ നടക്കുക - നീയും ജ്ഞാനിയാകും ഭോഷന്മാർക്ക് കൂട്ടാളിയാവാനോ - വ്യസനിക്കേണ്ടിവരും"



സംസർഗ്ഗവും സഹവാസവും വ്യക്തികളിൽ മാറ്റമുണ്ടാക്കുമെന്നാണ് വയ്പ്പ്. അങ്ങിനെ സജ്ജന സംസർഗ്ഗം ധർമ്മത്തിനും; ദുർജ്ജന സഹവാസം അധർമ്മത്തിനും ഹേതുവാകു മെന്നു സാരം. ബഹനാം എന്ന രാജകുമാരന്റെ അഹന്തയും, ഹിംസാത്മകതയും അലിഞ്ഞില്ലാതായതു മാർ മത്തായി എന്ന താപസന്റെ വാക്കുകളും സഹവാസവും സ്വീകരിച്ചതിനാലത്രേ. സത്സംഗത്തിനു കാരണമാകുന്നത് വ്യക്തികളോ ഉത്തുംഗങ്ങളായ ആശയങ്ങളടങ്ങുന്ന ഗ്രന്ഥങ്ങളോ, മഹിതാശയങ്ങൾ അലതല്ലുന്ന പ്രഭാഷണങ്ങളോ ആകാം. സിദ്ധാർത്ഥൻ, ശ്രീബുദ്ധനായി പരിണമിച്ചതിന്റെ പിന്നിൽ സജീവമായി, പരിണാമ ഹേതുകമായി പ്രവർത്തിച്ചത്, അദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിച്ചു വളർന്ന ചിന്തകളും സമസ്യകളുമായിരുന്നു. നല്ല 'വിചാര'ങ്ങൾ സിദ്ധാർത്ഥനെ അടിമുടി സ്വാധീനിച്ചു. കാട്ടാളനായിരുന്നവൻ, വാല്മീകിയായിത്തീർന്നു, മഹർഷിയായി വാഴ്ത്തപ്പെടുന്നത്, അധമത്തിൽ നിന്നും ധർമ്മപാതയിലേക്കു മാറ്റുന്നതിന് കാരണമായ അനുതാപത്തിന്റെ ദുഃഖമത്രെ, ലോകരക്ഷകനായ യേശുവിന്റെ സവിധമണഞ്ഞ നിക്കോദിമോസ്, സക്കായി, പാപിനിയായ സ്ത്രീ മുതലായവർ, ധർമ്മിഷ്ടരായി മാറിയത്. ദൈവപുത്രന്റെ സംസർഗ്ഗം കൊണ്ടായിരുന്നു. "സമാധാനമായി പോകൂ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. ഇനി പാപം ചെയ്യരുത്" എന്നിങ്ങനെയുള്ള വാക്കുകളിൽ, പാപക്ഷമയും, ആശ്വാസവും, ദിശാബോധവുമെല്ലാം അടങ്ങിയിരുന്നു.

നെബാത്തിന്റെ മകനായ യൊരോബയാം, പക്വമതികളും, ജ്ഞാന വൃദ്ധരുമായവരുടെ ആലോചന തള്ളിയിട്ട്, അപക്വമതികളും, അഹങ്കാരികളുമായവരുടെ ആലോചന സ്വീകരിച്ചതുമൂലം, ലഭ്യമായേക്കാവുന്ന രാജസ്ഥാനം നഷ്ടപ്പെട്ടതായി വി. വേദം പറയുന്നു (2 ദിന:10). അവർ ചെറുപ്പക്കാരായിരുന്നു എന്നതല്ല കുഴപ്പം, അവർ നൽകിയ ഉപദേശം യാഥാർഥ്യബോധമില്ലാത്തതും, അപ്രായോഗികവും, തീർത്തും അപക്വവുമായിരുന്നു എന്നതായിരുന്നു. തൽക്കാല ഭൗതീക നേട്ടങ്ങൾക്കുവേണ്ടി അപക്വമതികളായ "കൊട്ടേഷൻ" സംഘത്തെ അഭയം പ്രാപിക്കുന്നത് വരുത്തുന്ന അനർത്ഥങ്ങൾ എത്രയെന്നു

*(ശേഷം 5-ാം പേജിൽ)*

വികാരിയുടെ കത്ത്

# Thoughts for the Lenten Period

Fr. Jiju Varghese



Beloved brothers and sisters in the name of our Resurrected Lord Jesus Christ, The most important period of the Orthodox Church Calendar is the time of the 50 days lent. Of our five Lenten periods, this is the longest and the most meaningful and is aptly called the“Big Lent”. It begins with our Lord's public ministry at Kothine Sunday and ends with his Resurrection at the Easter Sunday. Once again we are blessed with an opportunity to observe lent in the fullness of fasting and prayer. As we all know the purpose of lent itself is purification through self-denial and prayer, which also helps in self-discipline and control of mind. Through this great experience of fast, we are now in the process of preparation to welcome the great feast i.e.; the Resurrection of our Lord Jesus Christ. Both fast and feast are meaningfully connected and arranged for the benefit of the true believers, where the first helps us as an instrument for self-purification and the second helps us as a divine glorification.

Cori 15:3-5, clearly mentioned the Resurrection of Christ is the foundation of the Gospel and it is the corner stone of Christian faith. Without it there is no Good News and faith in Christ would be meaningless. According to Romans 1:1-6, [especially verses 3&4] Resurrection is not only simple evidence but key to the Christian life. Resurrection was necessary for several reasons. Based on Romans 1:4, Resurrection of Christ, proved His eternal power, Godhead and declared that He was the Son of God. Also on the basis of Hebrew 2:14, He proved that He destroyed the devil, which had the power of death and gave us victory over death, scattering our spiritual enemies.

At present we are living in a world of uncertainties due to the impact of global economic crisis. Some are losing their jobs and some are frustrated, due to tensions and miseries arising in their personal and family lives. Most of us are feeling a spiritual emptiness. At this time, it is comforting for us to have faith in the Resurrection of our Lord and trust that He is still with us always as He had promised.

The word **LENT** itself means mainly four things.

**L-Love**

Love our enemies the same way as we love our nearest and dearest. God loves Saints and sinners alike and no matter what man does to Him, God seeks nothing but man's highest good. Let this love of God be manifested through our lives.

**E-Endure**

Romans 2:4, it says “Surely you know that God is kind, because He is trying to lead you to repent”. God's kindness is proof of His patience and He wants us to repent during this lent season. He wants to heal us through His healing touch, as we confess our sins, repent and receive Him in the Holy Qurbana.

**N-Nurture**

Nurture our spiritual strength. Jesus Christ is not just a historical figure but He is a living person. The reality of the resurrection helps us to love Him, talk to Him in prayer, listen to Him, speak personally through Bible readings, Meditation and fasting, sing to Him, worship Him, and live our lives charitably. Church is the place where we are nurtured in humility and meekness especially during the season of lent.

**T-Transform**

Transform our present life. Transformation is essential for us to receive spiritual strength for our daily activities and to enable us to walk the way of the cross. Like the Samaritan woman and Saint Peter, who were transformed after their meetings with Jesus, let us pray for a transformation during this period of lent.

In St.Luke 8:5-15, Jesus Christ explained about the parable of the sower. We are called to be the sowers for the kingdom of God, on earth. The selection of seeds is very important. They are our thoughts, feelings, emotion, words and actions. If we sow good seeds we harvest best fruits. The Season of Lent is the best time to sow the best seeds for getting good harvest and to receive the fullness of Resurrection. There is a small poem to illustrate this:

“Sow Humility and reap Glory,
Sow Endurance and reap Satisfaction,
Sow Open-Mindedness and reap far-Sightedness,
Sow Hard Work and reap Victory,
Sow Patience and reap Peace,
Sow Faith in God and reap Eternal harvest”

Resurrection of Christ is a calling to us, to take up our crosses and cheerfully follow Him and walk that path not just here but in our everyday life and every moment. So it is a perfect time for all of us to sow the good seeds, strengthen our faith and mediate on the Resurrection of Christ in the hope of our glorious eternal life with our Resurrected Lord Jesus Christ. ■





# പരിശുദ്ധദൈവമാതാവിന്റെ പെരുന്നാളും, ഇടവക ദിനാഘോഷവും





എറണാകുളം സെൻറ് .മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ പരിശുദ്ധ ദൈവ മാതാവിന്റെ പെരുന്നാളും ഇടവക ദിനാഘോഷവും ജനുവരി മാസം 12, 13, 14, (വെള്ളി, ശനി, ഞായർ) എന്നീ ദിനങ്ങളിൽ സാഘോഷം കൊണ്ടാടി.

12-ാം തീയ്യതി വെള്ളിയാഴ്ച നടന്ന ധ്യാനത്തിന് പ്രമുഖ കൺവെൻഷൻ പ്രസംഗകനും, സെമിനാരി അധ്യാപകനുമായ ബഹു.ജോൺ തോമസ് കരിങ്ങാട്ടിൽ അച്ചൻ നേതൃത്വം നൽകി.

13-ാം തീയതി സന്ധ്യാനമസ്കാരത്തെ തുടർന്ന് പ്രസംഗവും പള്ളിക്കു ചുറ്റുമുള്ള റാസയും നടത്തപ്പെട്ടു. പെരുന്നാൾ സന്ധ്യയിൽ ബഹുമാനപ്പെട്ട ജിജി തോംസൺ ഐ.എ.എസ് ന്റെ സാന്നിദ്ധ്യവും, പ്രസംഗവും വിശ്വാസികൾക്ക് വേറിട്ട അനുഭവമായി മാറി. ഞായറാഴ്ച നടന്ന വി.കുർബ്ബാനയിൽ അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ.ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി മുഖ്യകാർമ്മീകൻ ആയിരുന്നു. കുർബ്ബാനനന്തരം പള്ളിക്ക് വെളിയിലേക്ക് വിപുലമായ പ്രദക്ഷിണം നടത്തപ്പെട്ടു. ആശീർവാദം, കൈമുത്ത് എന്നിവയ്ക്കു ശേഷം വിപുലമായ പ്രഭാതഭക്ഷണം കരുതിയിരുന്നു.



വൈകിട്ട് 5.30 ന് സന്ധ്യാ നമസ്കാരത്തെ തുടർന്ന് ഇടവകദിനാഘോഷം ആരംഭിച്ചു. തന്റെ മുഖ്യസന്ദേശത്തിൽ അഭിവന്ദ്യ യൂലിയോസ് തിരുമേനി കത്തീഡ്രൽ ദേവാലയത്തിന്റെ മഹത്തായ സംഭാവനകളെ പ്രത്യേകം എടുത്തുപറഞ്ഞു പ്രകീർത്തിച്ചു. മർത്തമറിയം

(ശേഷം 6-ാം പേജിൽ)





## മർത്തമറിയം വനിതാസമാജം

### ഇരിങ്ങാലക്കുട, അരീപാലം വിശുദ്ധ ഹന്ന വൃദ്ധമന്ദിരം സന്ദർശനം

ബഹുമാനപ്പെട്ട ഇടവക വികാരി ഫാ.ജിജു വർഗ്ഗീസ് അച്ചന്റെ നേതൃത്വത്തിൽ 11-01-2018 ൽ നമ്മുടെ കത്തീഡ്രലിലെ മാർത്തമറിയം സമാജാംഗങ്ങൾ ഇരിങ്ങാലക്കുടയ്ക്ക് അടുത്തുള്ള അരീപാലം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന “വിശുദ്ധ ഹന്ന വൃദ്ധമന്ദിരം” സന്ദർശിച്ചു. ഇത് കൊച്ചി ഭദ്രാസനത്തിന്റെ മേൽനോട്ടത്തിൽ അനാഥരായ വൃദ്ധ സ്ത്രീജനങ്ങളെ താമസ്സിപ്പിച്ചു സംരക്ഷിക്കുന്ന ഒരു സ്ഥാപനമാണ്. ഈ സ്ഥാപനം ജുലൈ 3, 2001-ൽ ആണ് സ്ഥാപിതമായത്. തുടക്കത്തിൽ അനാഥരായ 20 അന്തേവാസികൾ ഉണ്ടായിരുന്നു. ജാതിമത ഭേദമന്യേ ആണ് സ്ഥാപനത്തിലേയ്ക്കുള്ള പ്രവേശനം ഉദ്ദേശിച്ചിരിക്കുന്നത്. ഇവരിൽ ക്രിസ്തുമത വിശ്വാസികളെ കൂടാതെ ഹിന്ദു, മുസ്ലിം സമുദായക്കാരും ഇപ്പോൾ ഉണ്ട്. എല്ലാവരും ഒത്തൊരുമയോടെ



നമ്മുടെ സഭയുടെയും ഭദ്രാസനത്തിന്റെയും ആചാരങ്ങളും രീതികളും ഉൾകൊണ്ട് ജീവിക്കുന്നു. മന്ദിരത്തിന്റെ ചുമതലയും മേൽനോട്ടവും വഹിക്കുന്നത് സിസ്റ്റർ സൈനോ ആണ്. സിസ്റ്റർ കഴിഞ്ഞ 17 വർഷമായി ഇവിടെ സേവനം അനുഷ്ഠിക്കുന്നു. 60 വയസ്സിനു മേൽ പ്രായമായ അന്തേവാസികളെ പരിചരിക്കുക എന്ന പ്രയാസമേറിയ ചുമതല സിസ്റ്റർ മറ്റാരുടെയും സഹായമില്ലാതെയാണ് നിർവ്വഹിക്കുന്നത്. വൃദ്ധമന്ദിരത്തിന്റെ ദൈനംദിന ചെലവുകളും ആവശ്യങ്ങളും നടത്തുന്നത്, ഭദ്രാസനത്തിലെ വനിതാ സമാജത്തിന് വ്യക്തികളിൽ നിന്നും മറ്റു ദൈവാലയങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവന കൊണ്ടാണ്.

അരീപാലം സെന്റ്. മേരീസ് പള്ളിയോട് ചേർന്നാണ് സ്ഥാപനം സ്ഥിതിചെയ്യുന്നത്. ബഹു.ഫാ.ജിജു വർഗ്ഗീസച്ചൻ അന്തേവാസികൾക്ക് വേണ്ടി അവിടെ പ്രാർത്ഥന നടത്തി.. സമാജാംഗങ്ങളും അന്തേവാസികളും പ്രാർത്ഥനയിൽ സംബന്ധിച്ചു . സമാജാംഗങ്ങൾ തങ്ങളുടെ കൂടെ കരുതിയിരുന്ന പുതിയ തുണിത്തരങ്ങളും പലഹാരങ്ങളും കൂടാതെ നല്ലൊരു തുക പണമായും സംഭവന ചെയ്തു. ഏതാനും മണിക്കൂറുകൾ അവിടെ ചെലവഴിച്ച ശേഷം ഒരോ അന്തേവാസിയെയും വിളിച്ച് സംസാരിച്ച് തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. സിസ്റ്റർ സൈനോ ഞങ്ങൾക്ക് വേണ്ടി തയ്യാറാക്കി ഒരുക്കി വച്ചിരുന്ന പ്രഭാത ഭക്ഷണം ഞങ്ങളെ നിർബ്ബന്ധിച്ച് കഴിപ്പിച്ചു. അവരോടൊത്ത് കഴിച്ച സമയം നല്ല ഒരു ഓർമ്മയായി നിലനിൽക്കുന്നു.

തിരികെ വരുമ്പോൾ ഞങ്ങൾ കൊരട്ടി സിയോൻ സെമിനാരിയും സന്ദർശിച്ചു. ആ സമയത്ത് നമ്മുടെ വന്ദ്യപിതാവ് H.G. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി സെമിനാരിയിൽ സന്നിഹിതനായിരുന്നു. തിരുമേനി ഞങ്ങളെ അടുത്ത് വിളിച്ച് അഭിനന്ദിച്ച്, അനുഗ്രഹിച്ചു. ഉച്ചഭക്ഷണം കഴിക്കാതെപോകരുത് എന്ന് കൽപ്പിച്ചു. തുടർന്നു സ്വാദിഷ്ഠമായ ഉച്ച ഭക്ഷണം അരമനയിലെ ചുമതലക്കാർ ഞങ്ങൾക്ക് വിളമ്പിതന്നു. ഭക്ഷണം കഴിഞ്ഞു തിരുമേനിയുടെ ആശീർവാദത്തോടെ ഞങ്ങൾ കൊരട്ടി അരമനയിൽ നിന്നും മടങ്ങിയത് ഒരു നല്ല ദിവസത്തിന്റെ ഓർമ്മയുമായാണ്.

മാർത്തമറിയം വനിതാസമാജത്തിന്റെ ഈ സന്ദർശനത്തിന് നേതൃത്വം നൽകിയ ബഹു.ഫാ.ജിജു വർഗ്ഗീസ് അച്ചനോടും കത്തീഡ്രലിലെ എല്ലാ ഭാരവാഹികളോടും സമാജത്തിനുള്ള നന്ദിയും കടപ്പാടും സമർപ്പിക്കുന്നു. ■

*(തയ്യാറാക്കിയത് സുഷമ ജോസഫ്)*

## വട്ടായി സെന്റ്. മേരീസ് പള്ളി കൂദാശ





കത്തീഡ്രൽ അസി.വികാരിയും, വട്ടായി പള്ളിയിലെ വികാരിയുമായ ശ്രീ.പോൾ ജോർജച്ചന്റെ നേതൃത്ത്വത്തിൽ പുതുക്കി പണിത വട്ടായി പള്ളിയുടെ കൂദാശ ഭദ്രാസന മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നു.കത്തീഡ്രൽ വികാരി ജിജു വർഗീസച്ചൻ, പോൾ ജോർജച്ചൻ എന്നിവർ സമീപം. പള്ളിപണിക്ക് വേണ്ടി വന്ന തുകയുടെ പ്രധാനഭാഗം കത്തീഡ്രൽ അംഗങ്ങളിൽ നിന്നായിരുന്നുവെന്ന് അവിടെ പ്രസ്താവിക്കുകയുണ്ടായി. ■

## വിവാഹം



എറണാകുളം സെന്റ് ബെനഡിക്ട് റോഡ് പനക്കൽ ശ്രീ. ജേക്കബ് പനക്കലിന്റെയും ശ്രീമതി മെറിന ജേക്കബിന്റേയും മകൾ **അനു ജേക്കബും** കോഴഞ്ചേരി ചെളിക്കുഴിയിൽ ശ്രീ. തോമസിന്റെയും ശ്രീമതി മിനിയുടേയും മകൻ **ഡാനി ടോമും** തമ്മിലുള്ള വിവാഹം 06-01-2018 ൽ കോഴഞ്ചേരി മാർത്തോമാ പള്ളിയിൽ നടന്നു



എറണാകുളം സൗത്ത്, ഗോവിന്ദ് അപ്പാർട്മെന്റ് വേലന്റേത്ത് പുഷ്പവിലാസം ശ്രീ. ബേബി സാമുവലിന്റെയും ശ്രീമതി പൊമില സാമുവലിന്റെയും മകൻ **സനീഷ്സാമുവലും** കുമരകം ഒരുവട്ടിത്ര ഡോ. അജിത് മാത്യൂവിന്റെയും ശ്രീമതി സുഷ മാത്യൂവിന്റെയും മകൾ **അനിത്യ ആനി മാത്യൂവും** തമ്മിലുള്ള വിവാഹം 14 -01 -2018 ൽ കത്തീഡ്രലിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

**ഇംഗ്ലീഷ് വി. കുർബ്ബാന**

വലിയനോമ്പിലെ ഞായറാഴ്ചകളിൽ
സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ
ഇംഗ്ലീഷ് വി. കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല
(ഫെബ്രു 11 മുതൽ ഏപ്രിൽ 01 വരെ)